**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

## അമേരിക്കൻ പ്രസിഡന്റുമാർക്ക് ദൈവം ആരായിരുന്നു?



യു.എസ്.എ.:ദൈവവും ദൈവീകനിയമങ്ങളും അവഗണിക്കപ്പെടുന്ന ആധുനികയുഗത്തിൽ അമേരിക്കയുടെ ചരിത്രത്തിലേക്കൊരു എത്തിനോട്ടം അനിവാര്യമാണ്. പാർട്ടിയേതായാലും സാഹചര്യങ്ങളുടെ സമ്മർദവും വ്യക്തിപരമായ കാഴ്ചപ്പാടുകളും ബലഹീനതകളും പിഴവുകളിലേക്ക് നയിച്ചാലും അമേരിക്കയുടെ ഭരണാധികാരികൾ എന്ന നിലയിൽ അവർ ദൈവത്തിന് നൽകിയ സ്ഥാനം വലുതായിരുന്നു. വിശുദ്ധ ഗ്രന്ഥം അവരുടെ ജീവിതത്തിൽ വലിയ പ്രാധാന്യമുള്ളതായിരുന്നു.

അമേരിക്കയുടെ ചരിത്രത്തിൽ ദൈവത്തിന്റെ സ്ഥാനം നിശ്ചയിക്കുന്നതിന് ആദ്യപ്രസിഡന്റ് മുതൽ ഭരണാധികാരികളുടെ ദൈവവിശ്വാസത്തെക്കുറിച്ച് പഠിക്കണം. ചിലരെങ്കിലും ദൈവവിശ്വാസത്തെ വോട്ടുകളായി മാറ്റുവാൻ ശ്രമിച്ചിട്ടുങ്കിലും പലരുടെയും പ്രവർത്തനമേഖലകളിൽ ദൈവത്തിന് ഒന്നാം സ്ഥാനം കൊടുത്തിരുന്നെങ്കിലും തത്വത്തിൽ ദൈവമാണ് അമേരിക്കയുടെ വളർച്ചയ്ക്കു പിന്നിൽ എന്ന് മിക്കവരും സമ്മതിച്ചിരുന്നു. ദൈവത്തെക്കുറിച്ച് ഉച്ചത്തിൽ സംസാരിച്ച ഭൂരിഭാഗം പ്രസിഡന്റുമാരുടെയും കാഴ്ചപ്പാടുകൾ ആധുനികയുഗത്തിൽ അമേരിക്കയ്ക്ക് വഴികാട്ടിയാവട്ടെ.

### ജോർജ് വാഷിങ്ടൺ (1789-1797)

രാഷ്ട്രീയ പുരോഗതിയും സമൃദ്ധിയും ആർജ്ജിക്കുന്നതിൽ മതവിശ്വാസത്തിനും ധാർമ്മികതയ്ക്കുമുള്ള പങ്ക് ഒരുതരത്തിലും നിഷേധിക്കാനാവുന്നതല്ല. മതവിശ്വാസമില്ലാത്ത ധാർമ്മികത സാധ്യമാണെന്ന് കരുതുന്നതിൽ വലിയ ജാഗ്രത നമുക്ക് വേണം. കാരണം യുക്തിയും അനുഭവവും കണക്കിലെടുത്താൽ മതവിശ്വാസത്തെ അവഗണിച്ചുകൊണ്ട് ഒരിക്കലും രാജ്യത്തിന്റെ ധാർമ്മികത നിലനിൽക്കുകയില്ലെന്ന് മനസിലാവും.

### ജോൺ ആദംസ് (1797-1801)

മതവിശ്വാസത്തിനെ അവഗണിച്ചാൽ ഈ ലോകം സ്വസ്ഥമായി ജീവിക്കാൻ പറ്റാത്തതാകും. ഞാനർത്ഥമാക്കുന്നത് നരകമാകും. സുഹൃത്തായ തോമസ് ജെഫേഴ്സണെഴുതിയ മറ്റൊരു കത്തിൽ ആദംസ് പറയുന്നു. ഈ ഭൂമിയിൽ വെറുതെ ജീവിക്കാനും മരിക്കാനുമായി മനുഷ്യവർഗം സൃഷ്ടിക്കപ്പെട്ടുമെന്ന് ഞാൻ കരുതുന്നില്ല. നിത്യജീവിതത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ ഇന്ന് ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നതിൽ അർത്ഥമില്ല. ദൈവമില്ലെങ്കിൽ ഈ ലോകം പൊട്ടിത്തെറിക്കാൻ

പോകുന്ന ഒരു ബോംബ് മാത്രമാകും. നിത്യമായൊരു ജീവിതമില്ലെങ്കിൽ ഈ ലോകത്തിലെ സന്തോഷങ്ങൾ നിരാകരിക്കാനും മറ്റൊരു ലോകത്തിൽ കണ്ടുമുട്ടാൻ എല്ലാവരും ശ്രമിക്കുവാനും ദൈവം ആവശ്യപ്പെടുന്നതെന്തിന് ?

**തോമസ് ജെഫേഴ്സൺ (1801-1809)**

ഞാനൊരു യഥാർത്ഥ ക്രിസ്ത്യാനിയാണ്. എന്നു പറഞ്ഞാൽ യേശുവിന്റെ പ്രബോധനങ്ങളുടെ അരുമശിഷ്യൻ.

**ജെയിംസ് മാഡിസൺ (1809-1817)**

യുദ്ധം പൊതുജനങ്ങളുടെ ശത്രുവാണ്. സൈന്യങ്ങളുടെ പിതാവാണത്. കടങ്ങളും ദാരിദ്ര്യവും അതിൽനിന്നുത്ഭവിക്കുന്നു. ധാർമ്മിക മൂല്യച്യുതിയും കാപട്യവും യുദ്ധം കൊണ്ടുവരുന്നു. ഒരു രാജ്യത്തിനും യുദ്ധത്തിനിടയിൽ സ്വാതന്ത്ര്യം നിലനിർത്താനാവില്ല.

**ജെയിംസ് മൺറോ (1817-1825)**

സ്ഥിരതയുണ്ടെങ്കിൽ കൃപനിറഞ്ഞ ഒരു പരിപാലനയുടെ കീഴിൽ നാമൊരിക്കലും തളർന്നുപോകില്ല, ദൈവം നമുക്ക് നൽകിയിരിക്കുന്ന ആ സംരക്ഷണം എന്നും എല്ലാവർക്കും ഉണ്ടായിരിക്കണമെന്നാണ് എല്ലാവർക്കും വേണ്ടിയുള്ള എന്റെ പ്രാർത്ഥന.

**ജോൺ ക്വിൻസി ആദംസ് (1825-1829)**

ബൈബിൾ യഥാർത്ഥത്തിൽ വായിക്കപ്പെടുകയും ധ്യാനിക്കപ്പെടുകയും ചെയ്യുമ്പോൾ ലോകത്തിലെ സകല പുസ്തകങ്ങളേക്കാളും മനുഷ്യരെ അത് നല്ലവരും ജ്ഞാനമുള്ളവരും സന്തോഷവന്മാരുമാക്കും.

**ആൻഡ്രൂ ജാക്സൺ (1829-1837)**

ഇപ്പോൾ മതവിശ്വാസത്തിന് അനിതരസാധാരണമായ സ്വാതന്ത്ര്യം ഇവിടെയുണ്ട്. പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും നാളുകളിൽ സർവശക്തന്റെ സംരക്ഷിക്കുന്ന കരങ്ങളെ ആശ്രയിക്കാൻ ജനങ്ങളെ ഇന്ന് ഉദ്ബോധിപ്പിക്കേണ്ടത് ദേവാലയത്തിലെ പ്രസംഗപീഠങ്ങളാണ്.

**സക്കറി ടെയ്ലർ (1849-1850)**

ദൈവം നമുക്കെല്ലാവർക്കും നൽകിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കുന്നതോടൊപ്പം ഈ അടുത്തുണ്ടായ പകർച്ചവ്യാധിയിൽ നിന്നുള്ള സംരക്ഷണവും അവിടുത്തെ പ്രവൃത്തിയായി കണക്കാക്കുന്നു. നന്ദിപ്രകാശനത്തിന്റെ ദിവസം എപ്രകാരം ആചരിക്കണമെന്നതിന് ഓരോ സംസ്ഥാനത്തേയും ഗവർണർമാർക്ക് തീരുമാനമെടുക്കാവുന്നതാണ്.

**മില്ലാർഡ് ഫിൽമോർ (1850-1853)**

എല്ലാ വിശ്വാസ സംഹിതകളെയും ഞാൻ മാനിക്കുന്നു. വിശ്വാസത്തെ രാഷ്ട്രീയവൽക്കരിക്കുന്നതിനെതിരെ ഞാൻ പോരാടും. രാഷ്ട്രീയവും മതവിശ്വാസവും കൂട്ടിക്കലർത്തപ്പെടരുതെന്നാണ് എന്റെ ആഗ്രഹം. രണ്ടിനും അതിന്റേതായ സ്വാതന്ത്ര്യവും വസ്തുതാപരമായ വ്യത്യാസങ്ങളുണ്ടാകണം.

**ഫ്രാങ്ക്ലിൻ പിയേർസ് (1853-1857)**

എന്റെ രണ്ടു മക്കളുടെയും മരണത്തിലൂടെ ദൈവത്തിന്റെ ഹിതം മനസ്സിലാക്കാൻ ഞാൻ ശ്രമിക്കുന്നു. കൂടുതൽ എളിമപ്പെടുന്നതിനും ദൈവതിരുമുമ്പിൽ പാപരഹിതനായി ജീവിക്കുന്നതിനും ഇതെന്നെ സഹായിക്കട്ടെ.

**എബ്രാഹം ലിങ്കൺ (1861-1865)**

ദൈവഹിതം എന്നും നിലനിൽക്കുന്നു. എതിരഭിപ്രായമുള്ള രണ്ടാളുകൾ ദൈവഹിതമാണ് ചെയ്യുന്നതെന്ന് പറയുമ്പോൾ ഒരാൾ തെറ്റാണെന്ന് മനസ്സിലാക്കേണ്ടി വരും. ദൈവം അടിമകളുടെ ഭാഗത്തുനിന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. അടിമത്തം അവസാനിച്ചതിൽ ദൈവത്തിന്

സന്തോഷമുണ്ട്.

## ആൻഡ്രൂ ജോൺസൺ (1865-1869)
വിശുദ്ധ ഗ്രന്ഥമാണെന്റെ മതവിശ്വാസം. ക്രിസ്തു പഠിപ്പിച്ചതും ജീവിച്ചതും. കത്തോലിക്കാ വിശ്വാസം പാവപ്പെട്ടവരെയും പണക്കാരെയും ഒരുപോലെ കാണുന്നു. ദേവാലയത്തിൽ സംവരണം ചെയ്യപ്പെട്ട കസേരകളില്ല. വൃദ്ധരും യുവാക്കളും അവിടെ തുല്യരാണ്.

## ഉളീസസ്സ്. എസ്. ഗ്രാന്റ് (1869-1877)
ദേവാലയത്തിൽ പോകുവാൻ നാം കടപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല അവിടെ ഒരുമിച്ച് നിന്ന് ഐക്യം പ്രഖ്യാപിക്കുകയും വേണം.

## റൂഥർഫോർഡ് ബി. ഹയെസ് (1877-1881)
ഒരു ക്രിസ്ത്യാനിയായി ജീവിക്കാനും ക്രിസ്ത്യൻ തത്വങ്ങൾ ജീവിക്കാനും ഞാൻ ആഗ്രഹിക്കുന്നു. വിശുദ്ധ ഗ്രന്ഥം അനുശാസിക്കുന്ന മതമാണ് ലോകത്തിലെ ഏറ്റവും നല്ല മതവിശ്വാസം. മതത്തിന്റെ അമൂല്യമായ സ്ഥാനം ഞാൻ മനസ്സിലാക്കുന്നു.

## ജെയിംസ് ഗാർഫീൽഡ് (1881)
ഇന്ന് ഞാൻ മാമ്മോദീസയിൽ ക്രിസ്തുവിനോടൊപ്പം സംസ്ക്കരിക്കപ്പെടുകയും പുതുജീവിതത്തിലേക്ക് ഉയിർത്തപ്പെടുകയും ചെയ്തിരിക്കുന്നു. ജനങ്ങൾ ഭൗതികതയിലേക്ക് വീണുപോയ്ക്കൊണ്ടിരിക്കുകയാണ്. വീടും കാറും, സ്ഥലവും... മിഥ്യയായത് മനുഷ്യരെ മരണത്തിലേക്ക് മാടിവിളിക്കുന്നു. ക്രിസ്തീയ ശരീരത്തെ മാത്രമേ മരണത്തിന് വിട്ടുകൊടുക്കുന്നുള്ളൂ. ആത്മാവ് നിത്യസ്വർഗത്തിലേക്ക് നേടപ്പെടുന്നു.

## ഗ്രോവർ ക്ലിവ്ലാൻഡ് (1885-1889)
സർവ്വശക്തനായവന്റെ പിന്തുണയും കൃപയും മൂലം പൊതുജനങ്ങൾക്കായുള്ള എന്റെ കർത്തവ്യങ്ങൾ നിറവേറ്റാൻ എനിക്ക് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവം എന്റെ സഹായത്തിനെത്തുകയും എന്റെ മകൾ റൂത്തിന്റെ മരണത്തിൽ പിടിച്ചുനിൽക്കാൻ എന്നെ സഹായിക്കുകയും ചെയ്തു.

## ബെഞ്ചമിൻ ഹാരിസൺ (1889-1893)
ക്രിസ്തുവിന്റെ യഥാർത്ഥ പടയാളിയായി ജീവിക്കുന്നതിന് എനിക്കുവേണ്ടി പ്രാർത്ഥിക്കുക. എന്റെ രാജ്യത്തെയും സുഹൃത്തുക്കളെയും സേവിക്കുന്നതിനുള്ള ശക്തിയും കഴിവും എനിക്ക് ലഭിക്കുന്നതിനായും പ്രാർത്ഥിക്കുക.

## വില്യം മക്കിൻലി (1897-1901)
നമ്മുടെ പിതാക്കന്മാരുടെ ദൈവമല്ലാതെ മറ്റൊരു ആശ്രയവും ശക്തമായതില്ലെന്ന് വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. അമേരിക്കൻ ജനതയുടെ എല്ലാ പ്രതിസന്ധികളിലും അവരെ സഹായിച്ചത് ഈ ദൈവമാണ്. അവിടുത്തെ കൽപനകൾ അനുസരിക്കുകയും അവിടുത്തെ പാത എളിമയോടെ പിൻചെല്ലുകയും ചെയ്യുന്ന കാലത്തോളം ദൈവം നമ്മെ കൈവിടുകയില്ല.

## തിയഡോർ റൂസ്വെൽറ്റ് (1901-1909)
അമേരിക്കയുടെ ഭൗതികവളർച്ച ദൈവത്തിന്റെ ദാനമാണ്. ധാർമ്മികവും ആത്മീയവുമായ കാര്യങ്ങളിലും പുരോഗതി പ്രാപിച്ചാണ് ഇതിന് പ്രതിനന്ദി പ്രകാശിപ്പിക്കേണ്ടത്. അതുകൊണ്ട് ദൈവത്തിന്റെ ജനമെന്ന തിന്മയ്ക്കെതിരെ ശക്തമായി നാം നിലകൊള്ളണം. കഴിഞ്ഞ കാലങ്ങളിൽ ദൈവം നൽകിയ നന്മകളെ ഓർത്ത് നന്ദി പറയുകയും വരും നാളുകളിൽ ആവശ്യമായ കൃപകൾ വാങ്ങിയെടുക്കുകയും വേണം.

## വുഡ്റോ വിൽസൺ (1913-1921)
വിശുദ്ധ ഗ്രന്ഥം മാനുഷികമായ അധികാരത്തിന് കീഴ്പ്പെടാനല്ല ആവശ്യപ്പെടുന്നത്. ദൈവീകമായ

അധികാരത്തിന് സ്വയം സമർപ്പിക്കാനാണ്. കർത്താവും സ്രഷ്ടാവുമായവനെ അനുസരിക്കാൻ അതിലൂടെ നമുക്ക് സാധിക്കും.

## വാറൻ ഹാർഡിംഗ് (1921-1923)

അമേരിക്കൻ ജനതയുടെ ഏറ്റവും അടിസ്ഥാനപരമായ പ്രതിസന്ധി അവർ സർവശക്തനായ ദൈവത്തിൽ നിന്ന് ഏറെ അകന്നിരിക്കുന്നു എന്നതാണ്.

## കാൽവിൻ കൂളിഡ്ജ് (1923-1929)

വൈറ്റ്ഹൗസിനുള്ളിൽ എത്തിയിട്ടുള്ള ഏവർക്കും മനസ്സിലാകും തങ്ങളുടെ സ്വന്തം ശക്തികൊണ്ടല്ല അവർ അവിടെ എത്തിയതെന്ന്. ഏതോ അദൃശ്യശക്തി അവരെ നയിക്കുന്നു. വളരെ എളിമയോടെ അത് എന്താണെന്ന് ഞാൻ തിരിച്ചറിയുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളാണ്.

## ഹെർബർട്ട് ഹൂവർ (1929-1933)

പ്രപഞ്ചത്തിന്റെ വിസ്മയകരമായ പ്രതിഭാസങ്ങളെക്കുറിച്ച് പഠിക്കുമ്പോൾ അവ മാനുഷികശക്തിയുടെ പ്രതിഫലനമല്ല. അതിനേക്കാൾ ശക്തവും അത്ഭുതകരവുമായ ദൈവത്തിന്റെ ഇടപെടലാണെന്ന് മനസിലാകും. മതവിശ്വാസത്തിന് മാത്രമേ പല കാര്യങ്ങളും വിശദീകരിക്കാനും മനസ്സിലാക്കാനും സാധിക്കൂ.

## ഫ്രാങ്ക്ളിൻ റൂസ്വെൽറ്റ് (1933-1945)

നമ്മുടെ രാജ്യത്തിന്റെ ഉയർച്ചയും പുരോഗതിയും കണക്കിലെടുക്കുമ്പോൾ അതിൽ വിശുദ്ധ ഗ്രന്ഥത്തിനുള്ള സ്ഥാനം മാറ്റിനിർത്താനാവാത്തതാണ്. ഈ ജനതയുടെ ഹൃദയത്തിൽ വിശുദ്ധഗ്രന്ഥത്തിന്റെ ചൈതന്യം ഉൾച്ചേർന്നിരിക്കുന്നു.

## ഹാരി എസ്. ട്രൂമൻ (1945-1953)

എന്റെ കർത്താവിന്റെ വിശ്വസ്ഥനായ ദാസനും ജനങ്ങളുടെ യഥാർത്ഥ ശുശ്രൂഷകനും ആവണമെന്നതുമാത്രമാണ് എന്റെ ആഗ്രഹം.

## ഡ്വിറ്റ് ഡി. എയ്സൺ ഹോവർ (1953-1961)

മതവിശ്വാസത്തിന് സ്വാതന്ത്ര്യം നൽകാതെ ജനാധിപത്യത്തിന് നിലനിൽക്കാനാവില്ല. ദൈവഭയമാണ് ജ്ഞാനത്തിന്റെ ആരംഭമെന്ന് ഞാൻ തിരിച്ചറിയുന്നു.

## ലിൻഡൺ ജോൺസൺ (1963-1969)

ഞാൻ നന്നായി എല്ലാം ചെയ്യും. നിങ്ങളുടെയും ദൈവത്തിന്റെയും സഹായത്താൽ

## റിച്ചാർഡ് നിക്സൺ (1969-1974)

ദൈവമാണ് സകലതും സൃഷ്ടിച്ചതെന്നും അവിടുന്ന് ഇന്നും ജീവിക്കുന്നുവെന്നും ഞാൻ വിശ്വസിക്കുന്നു. ക്രിസ്തുവിനെ പിൻചെല്ലാൻ എനിക്കാവും വിധം ഞാൻ ശ്രമിക്കും.

## ജെറാൾഡ് ഫോർഡ് (1974-1977)

ഭരണഘടനയാണ് നമ്മുടെ രാജ്യത്തെ പരമോന്നത നിയമം. അതിനു മുകളിൽ മനസാക്ഷിയെ നയിക്കുന്ന ദൈവത്തിന്റെ നിയമങ്ങൾ മാത്രം. ഞാൻ പ്രസിഡന്റ് മാത്രമല്ല ദൈവത്തിന്റെ എളിയ ദാസൻ കൂടിയാണ്. അവിടുത്തെ കരങ്ങളിൽ നിന്നാണ് എനിക്ക് പ്രതിഫലം ലഭിക്കുക.

## ജിമ്മി കാർട്ടർ (1977-1981)

ക്രിസ്തുവിശ്വാസിയായി അറിയപ്പെടുന്നതിനാൽ അറസ്റ്റുചെയ്യപ്പെട്ടാൽ പലരും തെളിവില്ലാത്തതിനാൽ വെറുതെ വിടപ്പെടുന്ന അവസ്ഥയാണിന്ന്. നാം ദൈവത്തിന്റെ മക്കളാണെന്ന കാര്യം വിസ്മരിക്കരുത്.

## റോണാൾഡ് റീഗൻ (1981-1989)

ഈ അധികാരം ദൈവത്തെ സേവിക്കാൻ ഉപകരിക്കട്ടെ എന്നാണെന്റെ അനുദിന പ്രാർത്ഥന. എന്റെ സർവശക്തിയുമുപയോഗിച്ച് ദൈവത്തെ സേവിക്കാനാണ് ഞാൻ ശ്രമിക്കുന്നത്.

## ജോർജ് എച്ച്.ഡബ്ല്യൂ ബുഷ് (1989-1993)

ദൈവതിരുമുമ്പിൽ മുട്ടിന്മേൽ നിൽക്കാതെ അമേരിക്കൻ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കാൻ ഒരുവന് ആവുമെന്ന് തോന്നുന്നില്ല. കാരണം ആ ഭാരം താങ്ങുവാനുള്ള ശക്തി തരുന്നത് ദൈവമാണ്.
അമേരിക്കയുടെ വളർച്ചയിൽ എത്രകണ്ട് പ്രധാനപ്പെട്ടതായിരുന്നു വിശ്വാസജീവിതം എന്ന് ഈ നേതാക്കന്മാരുടെ പ്രസ്താവനകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. അമേരിക്കയിൽ, ദൈവവിശ്വാസം സൃഷ്ടിച്ചത്. ദൈവവിശ്വാസമാണ് അമേരിക്കയെ സൃഷ്ടിച്ചത്. ഇന്ന് ലോകത്തിലെ ഏറ്റവും പ്രബലവും ശക്തവുമായ ഒരു രാഷ്ട്രമായി അമേരിക്ക വളർന്നതിനു പിന്നിൽ ദൈവത്തിന്റെ അദൃശ്യകരങ്ങളും ആ കരങ്ങളെ വിശ്വസിച്ച നേതാക്കന്മാരുമാണുള്ളത്.